


بسم الله الرحمن الرحيم

ഒരുപാട് നന്മകൾ നേടിയെടുക്കേണ്ട മാസം വിട പറയുമ്പോൾ സ്വന്തത്തോട് ചോദിക്കുക.
റമദാനിന്റെ നന്മകൾ നാം നേടിയോ ...?

عن أبي هريرة: لمّا حضرَ رَمضانُ: قد جاءَكُم شَهْرٌ مبارَكٌ... فيهِ ليلةٌ خيرٌ مِن ألفِ شهرٍ، مَن حُرِمَ خيرَها فقد حُرِمَ (أخرجه النسائي)

**1. പാപങ്ങൾ കഴുകിക്കളഞ്ഞോ?**

يَا أَيُّهَا الَّذِينَ آمَنُوا تُوبُوا إِلَى اللَّهِ تَوْبَةً نَّصُوحًا ( ٦٦- التحريم)

**ഇപ്പോഴും നാം അശ്രദ്ധയിലാണോ ...?**

عن عمار بن ياسر :أنَّ النَّبيَّ ﷺ صعِدَ المِنبَرَ فقال آمينَ آمينَ آمينَ ثمَّ قال مَن أدرَك رمضانَ فلم يُغْفَرْ له فأبعَده اللهُ قولوا آمينَ (أخرجه ابن حبان)

**തൗബ ചെയ്യാൻ കഴിയുന്നില്ലേ?**

وَمَن لَّمْ يَتُبْ فَأُولَٰئِكَ هُمُ الظَّالِمُونَ ( ٤٩. الحجرات)

തഫ്സീറു സഅദി

فالناس قسمان: ظالم لنفسه غير تائب، وتائب مفلح، ولا ثم قسم ثالث غيرهما.

**തൗബത്തുൻ നസൂഹ് വേണം നമുക്ക്**

قال عمر بن الخطاب :التَّوْبَةُ النَّصُوحُ أَنْ يَتُوبَ مِنَ الذَّنْبِ ثُمَّ لَا يَعُودَ إِلَيْهِ، كَمَا لَا يَعُودُ اللَّبَنُ إِلَى الضَّرْعِ (السيوطي)

قال الكلبي: أن تستغفر باللسان و تندم بالقلب و تمسك بالبدن

ആളുകൾ മരിച്ചു വീഴുന്നത് കാണുന്നു , റമദാനിന്റെ തുടക്കത്തിലുള്ള പലരും ഖബറിൽ.

**2. അവസരം നഷ്ടപ്പെടുത്താതിരിക്കുക.**

**റമദാനിൽ ഒതുങ്ങുന്നതല്ല നമ്മുടെ നന്മകൾ**

سئل بعض السلف عن أناس يتعبدون في رمضان فإذا انسلخ رمضان تركوا ؟

فقال : بئس القوم لا يعرفون الله إلا في رمضان

**നന്മകൾക്ക് ലോക്ക് ഡൗൺ ഇല്ല**

وَاعْبُدْ رَبَّكَ حَتَّىٰ يَأْتِيَكَ الْيَقِينُ

قرأ الحسن البصري هذه الآية فقال : إن الله لم يجعل لعمل المؤمن أجلا دون الموت

അവശേഷിക്കുന്ന ദിനങ്ങളെ ധന്യമാക്കാൻ പരിശ്രമിക്കുക .

❖ **റമദാനിന്റെ അവസാന സമയത്ത് അറിയേണ്ട ചില കാര്യങ്ങൾ**

## 3. സകാത്തുൽ ഫിതർ

عَنْ عَبْدِ اللهِ بْنِ عُمَرَ: «أَنَّ رَسُولَ اللهِ –ﷺ- فَرَضَ زَكَاةَ الْفِطْرِ مِنْ رَمَضَانَ عَلَى كُلِّ نَفْسٍ مِنَ الْمُسْلِمِينَ.

ഇബ്നു ഉമർ (റ) പറഞ്ഞു: "എല്ലാ മുസ്‌ലിംകളുടെ മേലും നബി -ﷺ- റമദാനിലെ സകാതുൽ ഫിത്വർ നിർബന്ധമാക്കിയിരിക്കുന്നു." (ബുഖാരി, മുസ്‌ലിം)

- **ഇബ്നു ഉമർ (റ) പറഞ്ഞു:**

عَنْ عَبْدِ اللهِ بْنِ عُمَرَ: «أَنَّ رَسُولَ اللهِ–ﷺ- فَرَضَ زَكَاةَ الْفِطْرِ مِنْ رَمَضَانَ عَلَى كُلِّ نَفْسٍ مِنَ الْمُسْلِمِينَ حُرٍّ، أَوْ عَبْدٍ، أَوْ رَجُلٍ، أَوِ امْرَأَةٍ، صَغِيرٍ أَوْ كَبِيرٍ»

എല്ലാ മുസ്‌ലിംകളുടെ മേലും അടിമയാകട്ടെ സ്വതന്ത്രനാകട്ടെ, പുരുഷനാകട്ടെ സ്ത്രീയാകട്ടെ, ചെറിയവനാകട്ടെ വലിയവനാകട്ടെ- നബി (സ്വ) റമദാനിലെ സകാതുൽ ഫിത്വർ നിർബന്ധമാക്കിയിരിക്കുന്നു. (ബുഖാരി, മുസ്‌ലിം)

- **എപ്പോൾ കൊടുക്കണം?**

عَنِ ابْنِ عُمَرَ رَضِيَ اللَّهُ عَنْهُمَا، قَالَ: «... وَأَمَرَ بِهَا أَنْ تُؤَدَّى قَبْلَ خُرُوجِ النَّاسِ إِلَى الصَّلاَةِ»

ഇബ്നു ഉമർ (റ) പറഞ്ഞു: "ജനങ്ങൾ (പെരുന്നാൾ) നിസ്കാരത്തിന് പുറപ്പെടുന്നതിന് മുമ്പ് സകാതുൽ ഫിത്വർ നൽകാൻ നബി -ﷺ- കൽപ്പിച്ചു." (ബുഖാരി, മുസ്‌ലിം)

- **ഒന്നോ രണ്ടോ ദിവസം മുമ്പും നൽകാം.**

«وَكَانُوا يُعْطُونَ قَبْلَ الفِطْرِ بِيَوْمٍ أَوْ يَوْمَيْنِ»

മറ്റൊരു നിവേദനത്തിൽ ഇബ്നു ഉമർ (റ) പറഞ്ഞതായി കാണാം: "അവർ (സ്വഹാബികൾ) പെരുന്നാളിന് ഒന്നോ രണ്ടോ ദിവസങ്ങൾക്ക് മുൻപ് അത് നൽകാറുണ്ടായിരുന്നു." (ബുഖാരി, മുസ്‌ലിം)

- **പെരുന്നാൾ നിസ്കാരത്തിന് ശേഷം സകാതുൽ ഫിത്വർ നൽകുന്നത് അനുവദനീയമല്ല.**

عَنِ ابْنِ عَبَّاسٍ قَالَ فَرَضَ رَسُولُ اللَّهِ –ﷺ- زَكَاةَ الْفِطْرِ، مَنْ أَدَّاهَا قَبْلَ الصَّلاَةِ فَهِيَ زَكَاةٌ مَقْبُولَةٌ وَمَنْ أَدَّاهَا بَعْدَ الصَّلاَةِ فَهِيَ صَدَقَةٌ مِنَ الصَّدَقَاتِ.

ഇബ്നു അബ്ബാസ് (റ) പറഞ്ഞു: "ആരെങ്കിലും സകാതുൽ ഫിത്വർ പെരുന്നാൾ നിസ്കാരത്തിന് മുൻപ് നൽകിയാൽ അത് സ്വീകരിക്കപ്പെട്ട സദഖയാണ് (സകാതുൽ ഫിത്വർ ആണ്). ആരെങ്കിലും പെരുന്നാൾ നിസ്കാരത്തിന് ശേഷമാണ് അത് നൽകുന്നതെങ്കിൽ അത് ദാനധർമ്മങ്ങളിൽ പെട്ട ഒരു ദാനം മാത്രമാകുന്നു." (അബൂദാവൂദ്)

- **എന്താണ് നൽകേണ്ടത്?**

ഓരോ നാട്ടിലെയും ജനങ്ങൾ പൊതുവായി ഭക്ഷിക്കുന്ന ധാന്യം ഒരു സ്വാഅ് നൽകുകയാണ് വേണ്ടത്.

عَنِ ابْنِ عُمَرَ رَضِيَ اللَّهُ عَنْهُمَا، قَالَ: «فَرَضَ رَسُولُ اللَّهِ -ﷺ- زَكَاةَ الفِطْرِ صَاعًا مِنْ تَمْرٍ، أَوْ صَاعًا مِنْ شَعِيرٍ»

ഇബ്നു ഉമർ (റ) പറഞ്ഞു: "നബി -ﷺ- റമദാനിൽ ഒരു സ്വാഅ് ഈത്തപ്പഴമോ ഗോതമ്പോ സകാത്തുൽ ഫിത്വ്റായി നൽകുന്നത് നിർബന്ധമാക്കി..."

عَنْ أَبِي سَعِيدٍ الخُدْرِيَّ قَالَ: «كُنَّا نُخْرِجُ زَكَاةَ الفِطْرِ صَاعًا مِنْ طَعَامٍ، أَوْ صَاعًا مِنْ شَعِيرٍ، أَوْ صَاعًا مِنْ تَمْرٍ، أَوْ صَاعًا مِنْ أَقِطٍ، أَوْ صَاعًا مِنْ زَبِيبٍ»

അബൂ സഈദ് അൽ-ഖുദ്‌രി (റ) പറഞ്ഞു: "ഞങ്ങൾ സകാത്തുൽ ഫിത്വർ ഒരു സാഅ് ഭക്ഷണമോ, ഒരു സാഅ് ഗോതമ്പോ ഒരു സാഅ് ഈത്തപ്പഴമോ ഒരു സാഅ് വെണ്ണയോ ഒരു സാഅ് ഉണക്കമുന്തിരിയോ നൽകാറുണ്ടായിരുന്നു."

(ഫിതർ സകാത്തുമായി കൂടുതൽ പഠിക്കാൻ ഈ ലിങ്ക് ഉപയോഗിക്കുക;
(https://www.fiqhussunna.com/2020/05/blog-post_44.html)

## 4. പെരുന്നാളും സുന്നത്തുകളും.

ഈദുൽ ഫിത്വ്ർ : (ചെറിയ പെരുന്നാൾ) റമദാനിലെ വ്രതാനന്തരം ശവ്വാൽ ഒന്നിന് വിശ്വാസികൾക്ക് ലഭിക്കുന്ന സന്തോഷത്തിന്റെ ദിനമാണത്.

عَنْ أَنَسٍ، قَالَ قَدِمَ رَسُولُ اللَّهِ صلى الله عليه وسلم الْمَدِينَةَ وَلَهُمْ يَوْمَانِ يَلْعَبُونَ فِيهِمَا فَقَالَ " مَا هَذَانِ الْيَوْمَانِ " قَالُوا كُنَّا نَلْعَبُ فِيهِمَا فِي الْجَاهِلِيَّةِ . فَقَالَ رَسُولُ اللَّهِ صلى الله عليه وسلم " إِنَّ اللَّهَ قَدْ أَبْدَلَكُمْ بِهِمَا خَيْرًا مِنْهُمَا يَوْمَ الأَضْحَى وَيَوْمَ الْفِطْرِ " .

അനസിൽ(റ) നിന്നും നിവേദനം: അദ്ദേഹം പറയുന്നു: നബി ﷺ (മദീനയിലേക്ക്) വരുമ്പോൾ മദീനക്കാർക്ക് ജാഹിലിയ്യ കാലഘട്ടത്തിൽ നിലനിന്നിരുന്ന രണ്ട് ആഘോഷ ദിവസങ്ങൾ ഉണ്ടായിരുന്നു. നബി ﷺ പറഞ്ഞു: "ഞാനിതാ നിങ്ങളിലേക്ക് വന്നപ്പോൾ ജാഹിലിയ്യത്തിൽ നിങ്ങൾ ആഘോഷിച്ചിരുന്ന രണ്ട് ആഘോഷ ദിവസങ്ങൾ നിങ്ങൾക്കുള്ളതായി (കാണുന്നു). അല്ലാഹു അവ രണ്ടിനെക്കാളും നല്ല രണ്ട് (പെരുന്നാളുകൾ) നിങ്ങൾക്ക് പകരമായി നൽകിയിരിക്കുന്നു. ഈദുൽ അള്ഹയും ഈദുൽ ഫിത്വ്റും." (അബൂദാവൂദ്)

- **പെരുന്നാളിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

**1. കുളിക്കുക**

عَنْ نَافِعٍ، أَنَّ عَبْدَ اللَّهِ بْنَ عُمَرَ، كَانَ يَغْتَسِلُ يَوْمَ الْفِطْرِ قَبْلَ أَنْ يَغْدُوَ إِلَى الْمُصَلَّى

നാഫിഇൽ (റ) നിന്നും നിവേദനം: ഇബ്നു ഉമർ (റ) പെരുന്നാൾ ദിവസം മൈതാനത്തേക്ക് പുറപ്പെടുന്നതിന്റെ മുമ്പ് കുളിക്കുമായിരുന്നു. (മുവത്വ)

**2. നല്ല വസ്ത്രം ധരിക്കുക**

ഇബ്നു ഉമർ (റ) ഒരിക്കൽ അങ്ങാടിയിൽ നിന്ന് ഒരു ജുബ്ബ എടുത്തു കൊണ്ട് നബി ﷺ യുടെ അടുക്കൽ വന്നു പറഞ്ഞു:

يَا رَسُولَ اللَّهِ ابْتَعْ هَذِهِ تَجَمَّلْ بِهَا لِلْعِيدِ وَالْوُفُودِ

"അല്ലാഹുവിന്റെ റസൂലേ, ഇത് നിങ്ങൾ വാങ്ങിക്കുക. പെരുന്നാളിനും നിവേദക സംഘങ്ങളെ സ്വീകരിക്കുന്നതിനും അങ്ങേക്ക് ഇത് കൊണ്ട് ഒരുങ്ങാമല്ലോ? (ബുഖാരി)

- നബി ﷺ ക്ക് ജുമുഅ ദിനത്തിലും ഈദ് ദിനത്തിലും ധരിക്കാൻ പ്രത്യേകം വസ്ത്രം ഉണ്ടായിരുന്നുവെന്ന് ഇബ്നു ഖുസൈമയുടെ സ്വഹീഹിൽ രേഖപ്പെടുത്തിയതായി കാണാം.
- ഇബ്നുൽ ഖയ്യിം (റഹി) പറഞ്ഞു: "നബി ﷺ രണ്ട് പെരുന്നാളുകളിലും പുറത്തിറങ്ങുമ്പോൾ തന്റെ വസ്ത്രങ്ങളിൽ ഏറ്റവും ഭംഗിയുള്ളത് ധരിക്കുമായിരുന്നു. അവിടുത്തേക്ക് രണ്ട് പെരുന്നാളുകൾക്കും ജുമുഅക്കും ധരിക്കാൻ പ്രത്യേക വസ്ത്രങ്ങൾ ഉണ്ടായിരുന്നു. (സാദുൽ മആദ്:)

**3. സുഗന്ധം പൂശുക**

- ഇമാം മാലിക് (റ) പറഞ്ഞു:ഞാൻ അറിവുള്ളവരിൽ നിന്നും കേട്ടു, എല്ലാ പെരുന്നാളിനും അലങ്കാരവും സുഗന്ധവും അവർ സുന്നത്താക്കിയിരുന്നു. (അൽ മുഗ്നി)
- എന്നാൽ ഏതവസരത്തിലായാലും സ്ത്രീക്ക് പുറത്തിറങ്ങുമ്പോൾ സുഗന്ധം ഉപയോഗിക്കൽ നിഷിദ്ധമാണ്.

**4. ഭക്ഷണം കഴിക്കൽ**

- ഈദുൽ ഫിത്വ്ർ ദിനത്തിൽ പെരുന്നാൾ നമസ്കാരത്തിന് മുമ്പ് എന്തെങ്കിലും ഭക്ഷിക്കൽ നബിചര്യയിൽ പെട്ടതാണ്.

عَنْ عَبْدِ اللَّهِ بْنِ بُرَيْدَةَ، عَنْ أَبِيهِ، قَالَ كَانَ النَّبِيُّ صلى الله عليه وسلم لاَ يَخْرُجُ يَوْمَ الْفِطْرِ حَتَّى يَطْعَمَ وَلاَ يَطْعَمُ يَوْمَ الأَضْحَى حَتَّى يُصَلِّيَ

അബ്ദുല്ലാഹിബ്നു ബുറൈദ (റ) തന്റെ പിതാവിൽ നിന്നും ഉദ്ദരിക്കുന്നു: നബി ﷺ ചെറിയ പെരുന്നാൾ ദിവസം വല്ലതും കഴിക്കാതെ (മുസ്വല്ലയിലേക്ക്) പോകാറുണ്ടായിരുന്നില്ല. ബലി പെരുന്നാൾ ദിവസത്തിൽ പെരുന്നാൾ നമസ്കാരം നിർവ്വഹിച്ചിട്ടല്ലാതെ വല്ലതും ഭക്ഷിക്കാറുമുണ്ടായിരുന്നില്ല. (സുനനുതിർമിദി)

عَنْ أَنَسٍ، قَالَ كَانَ رَسُولُ اللَّهِ صلى الله عليه وسلم لاَ يَغْدُو يَوْمَ الْفِطْرِ حَتَّى يَأْكُلَ تَمَرَاتٍ. وَقَالَ مُرَجَّى بْنُ رَجَاءٍ حَدَّثَنِي عُبَيْدُ اللَّهِ قَالَ حَدَّثَنِي أَنَسٌ عَنِ النَّبِيِّ صلى الله عليه وسلم وَيَأْكُلُهُنَّ وِتْرًا

അനസ്(റ) നിവേദനം: നബി ﷺ ചെറിയ പെരുന്നാൾ ദിവസം കുറച്ച് ഈത്തപ്പഴമെങ്കിലും ഭക്ഷിക്കാതെ (മൈതാനത്തേക്ക്) പോകാറുണ്ടായിരുന്നില്ല. അനസിൽ നിന്നുള്ള മറ്റൊരു നിവേദനത്തിൽ നബി ﷺ ഒറ്റയായിട്ടാണ് ഭക്ഷിക്കാറുള്ളതെന്ന് പറയുന്നു. (ബുഖാരി)

**5. തക്ബീർ ചൊല്ലൽ**

- രണ്ട് പെരുന്നാളുകളോടനുബന്ധിച്ച് ധാരാളമായി തക്ബീർ ചൊല്ലൽ സുന്നത്താണ്.
- സ്ത്രീകൾക്കും കുട്ടികൾക്കുമെല്ലാം തക്ബീർ ചൊല്ലാവുന്നതാണ്.
- ചെറിയ പെരുന്നാളിൽ ശവ്വാൽ മാസപ്പിറവിയോട് കൂടി തക്ബീർ ചൊല്ലി തുടങ്ങുക. പെരുന്നാൾ നമസ്കാരം നിർവഹിച്ച് കഴിഞ്ഞാൽ അവസാനിപ്പിക്കുകയും ചെയ്യുക.
- പുരുഷന്മാർക്ക് തങ്ങളുടെ ശബ്ദമുയർത്തിക്കൊണ്ട് പള്ളികളിലും അങ്ങാടികളിലും വീടുകളിലുമെല്ലാം ഈ കർമം നിർവഹിക്കാവുന്നതാണ്. സ്ത്രീകളാകട്ടെ തങ്ങളുടെ ശബ്ദം താഴ്ത്തിയാണ് തക്ബീർ ചൊല്ലേണ്ടത്.
- അബൂ ഹുറൈറ (റ) പറയുന്നു: ഉമർ (റ), ഇബ്നു ഉമർ (റ) എന്നിവർ തക്ബീർ ചൊല്ലിക്കൊണ്ട് അങ്ങാടികളിലേക്ക് ഇറങ്ങാറുണ്ടായിരുന്നു. അവരുടെ തക്ബീർ കേട്ട് മറ്റുള്ളവരും തക്ബീർ ചൊല്ലും. (ബുഖാരി)

**തക്ബീറിന്റെ രണ്ടു രൂപങ്ങൾ**

الله أكبر، الله أكبر، لا إله إلا الله، والله أكبر، الله أكبر، ولله الحمد

الله أكبر، الله أكبر، الله أكبر، لا إله إلا الله، والله أكبر، الله أكبر، ولله الحمد

**6. ഈദ് ഗാഹുകളിലേക്ക് നേരത്തെ പോകുക**

- നബി ﷺ സൂര്യൻ ഉദിച്ചാൽ മുസ്വല്ലയിലേക്ക് പുറപ്പെടാറുണ്ടായിരുന്നു. നബി ﷺ മുസ്വല്ലയിൽ എത്തുമ്പോൾ ജനങ്ങൾ അവിടെ സന്നിഹിതരായിരിക്കും. നബിയേക്കാൾ മുമ്പ് അവർ അവിടെ എത്തിയിരുന്നുവെന്ന് വ്യക്തം. അതുകൊണ്ടാണ് സുബ്ഹി നിസ്കാരത്തിന് ശേഷം നേരെ ഒരാൾ മുസ്വല്ലയിലേക്ക് പുറപ്പെടുന്നുവെങ്കിൽ അതാണ് കൂടുതൽ ശ്രേഷ്ഠമെന്ന് ശൈഖ് ഇബ്നു ഉസൈമീൻ (റഹി) പറഞ്ഞത്. (ശർഹുൽ മുംതിഅ്)
- ഇമാം ബുഖാരി(റ) തന്റെ സ്വഹീഹിൽ ഒരു അദ്ധ്യായത്തിന് പേര് നൽകിയിട്ടുള്ളത് 'ഈദിലേക്ക് (ഈദ് നമസ്കാരത്തിലേക്ക്) നേരത്തെ പോകൽ' എന്നാണ്. സ്വഹാബത്തും താബിഉകളും ഫജ്ർ നമസ്കരിച്ചാൽ ഉടനെ ഈദ് മുസ്വല്ലയിലേക്ക് പുറപ്പെട്ടു മായിരുന്നുവെന്ന് സ്വഹീഹായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**7. ഈദ് ഗാഹുകളിലേക്ക് നടന്ന് പോകുക**

- നടന്നുകൊണ്ട് സംഘങ്ങളായി തക്ബീർ ചൊല്ലിക്കൊണ്ട് ഈദ് ഗാഹിലേക്ക് പോകുക എന്നതാണ് ഏറ്റവും ശ്രേഷ്ഠകരമായ രീതി.

عَنْ عَلِيِّ بْنِ أَبِي طَالِبٍ، قَالَ مِنَ السُّنَّةِ أَنْ تَخْرُجَ، إِلَى الْعِيدِ مَاشِيًا

അലി (റ) പറയുന്നു: പെരുന്നാൾ മൈതാനത്തേക്ക് നടന്നുകൊണ്ട് പുറപ്പെടൽ സുന്നത്താണ്. (തിർമിദി)

**ഈദ് ഗാഹുകളിലേക്ക് വാഹനത്തിൽ പോവുക അനുവദനീയമാണ്.**

ഇമാം അഹ്മദ് (റഹി)പറയുന്നു: ഞങ്ങൾ മുസ്വല്ലയിലേക്ക് നടക്കും. ഞങ്ങളുടെ സ്ഥലം അടുത്താണ്.ഇനി ഒരാൾക്ക് അത് (മുസ്വല്ല) ദൂരത്തായാൽ അവന് വാഹനത്തിൽ പോകൽ കൊണ്ട് പ്രശ്നമില്ല. (അൽമുഗ്നി)

**8. പെരുന്നാൾനമസ്കാരം**

عَنِ ابْنِ عَبَّاسٍ ـ رضى الله عنهما ـ قَالَ خَرَجَ النَّبِيُّ صلى الله عليه وسلم يَوْمَ عِيدٍ فَصَلَّى رَكْعَتَيْنِ لَمْ يُصَلِّ قَبْلُ وَلاَ بَعْدُ

ഇബ്നു അബ്ബാസ് (റ) പറയുന്നു : നബി ﷺ പെരുന്നാൾ ദിവസം രണ്ടു റകഅത്ത് (പെരുന്നാൾ നമസ്കാരം) നിർവ്വഹിച്ചു. അതിനു മുമ്പും ശേഷവും അദ്ദേഹം നമസ്കരിച്ചിട്ടില്ല. (ബുഖാരി)

**9. പെരുന്നാൾ നമസ്കാരം ഈദ്ഗാഹിൽ നിർവ്വഹിക്കുക**

പെരുന്നാൾ നമസ്കാരം പള്ളിയിൽ വെച്ചല്ല, ഈദ് ഗാഹിൽ വെച്ചാണ് നമസ്കരിക്കേണ്ടത്.

عَنْ أَبِي سَعِيدٍ الْخُدْرِيِّ، قَالَ كَانَ رَسُولُ اللَّهِ صلى الله عليه وسلم يَخْرُجُ يَوْمَ الْفِطْرِ وَالأَضْحَى إِلَى الْمُصَلَّى، فَأَوَّلُ شَىْءٍ يَبْدَأُ بِهِ الصَّلاَةُ

അബൂ സഈദ് അൽ-ഖുദ്രി (റ) പറഞ്ഞു: "നബി -ﷺ- ഈദുൽ ഫിത്വറിലും ഈദുൽ അദ്വ്-ഹയിലും മുസ്വല്ലയിലേക്ക് പുറപ്പെടാറാണ് ഉണ്ടായിരുന്നത്. അവിടുന്ന് ആദ്യം ആരംഭിച്ചിരുന്നത് നിസ്കാരമായിരുന്നു." (ബുഖാരി)

**10. പെരുന്നാൾ നമസ്കാരാനന്തരമുള്ള ഖുതുബ ശ്രവിക്കുക.**

പെരുന്നാൾ നമസ്കാരത്തിന് ശേഷമാണ് പെരുന്നാൾ ഖുതുബ നിർവ്വഹിക്കേണ്ടത്.

عَنِ ابْنِ عَبَّاسٍ، قَالَ شَهِدْتُ الْعِيدَ مَعَ رَسُولِ اللَّهِ صلى الله عليه وسلم وَأَبِي بَكْرٍ وَعُمَرَ وَعُثْمَانَ ـ رضى الله عنهم ـ فَكُلُّهُمْ كَانُوا يُصَلُّونَ قَبْلَ الْخُطْبَةِ

ഇബ്നു അബ്ബാസ്(റ) പറയുന്നു: നബി ﷺ യുടെ കൂടെയും, അബൂബക്കർ, ഉമർ, ഉസ്മാൻ(റ) എന്നിവരോടൊപ്പവും ഞാൻ പെരുന്നാൾ നമസ്കാരത്തിൽ പങ്കെടുത്തിട്ടുണ്ട്. അവരൊക്കെയും ഖുതുബക്ക് മുമ്പാണ് നമസ്കരിച്ചിരുന്നത്.(ബുഖാരി)

---

ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.

മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.